# റിവോൾവിങ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്

സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ്

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി

മണ്ണുത്തി, തൃശൂർ 680 651

ഫോൺ: 0487 2370117 ഇ.മെയിൽ: rfpp@kvasu.ac.in


നമ്പർ : സി.എ.എസ്.പി.സ് /ആർ.എഫ്.പി. പി/ ഫിൻ/2023-24 മണ്ണുത്തി, തിയ്യതി: 01.12.2023

## കൊട്ടേഷൻ നോട്ടീസ്

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി മണ്ണുത്തി ക്യാമ്പസ്സിൽ സ്ഥിതി ചെയ്യുന്ന സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസിന്റെ കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിങ് ഫണ്ട് പൗൾട്രി പ്രോജക്ടിന്റെ ഭാഗമായുള്ള ഫീഡ് മിൽ യൂണിറ്റിൽ ഈ ഓഫീസിൽ നിന്നും സമയാസമയങ്ങളിൽ നൽകുന്ന ഫീഡ് ഫോർമുല ഉപയോഗിച്ചു തീറ്റ പൊടിപ്പിക്കുന്നതിന് ആവശ്യമായ സാധനങ്ങൾ ശരിയായ അളവിൽ തൂക്കം പിടിച് മിക്സ് ചെയ്ത് 50 കെ.ജി പാക്കറ്റുകളിലാക്കി തരുന്നതിനുള്ള കൊട്ടേഷൻ ക്ഷണിക്കുന്നു. തീറ്റ പൊടിപ്പിക്കുന്നതിന്റെ തുക ടൺ അടിസ്ഥാനത്തിൽ കൊട്ടേഷനിൽ രേഖപെടുത്തണ്ടതാണ്. ഏകദേശം 250 മുതൽ 300 വരെ ടൺ വരെ ഒരു മാസത്തിൽ പൊടിപ്പിക്കേണ്ടതാണ്.

**<u>കരാർ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ</u>**

കൊട്ടേഷൻ സമർപ്പിക്കുന്ന കവറിനു പുറത്തു "റിവോൾവിങ് ഫണ്ട് പൗൾട്രി പ്രോജെക്ടിലെ ഫീഡ് മില്ലിൽ തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ജോലിക്കായുള്ള കൊട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം

| | |
|---|---|
| വിലാസം | : ഡയറക്ടർ & പി.ഐ<br>റിവോൾവിങ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്<br>സി.എ.എസ്.പി.സ്, കെ.വി.എസ്.എ.യു, മണ്ണുത്തി |
| കൊട്ടേഷൻ ലഭിക്കേണ്ട അവസാന തിയതി , സമയം | : 15.12.2023, ഉച്ചക്ക് 3.00 ന് |
| കൊട്ടേഷൻ തുറക്കുന്ന തിയതി , സമയം | : 15.12.2023, ഉച്ചക്ക് 3.30 ന് |
| കരാർ പ്രാബല്യം | : 16.12.2023 മുതൽ 15.06.2024 വരെ |
| സ്ഥലം | : സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ്, മണ്ണുത്തി |

REVOLVING FUND POULTRY PROJECT KERALA VETERINARY AND ANIMAL SCIENCES UNIVERSITY CASH IN POULTRY SCIENCE MANNUTHY Date............

ഡയറക്ടർ & പി.ഐ

Director & PI
Revolving Fund Poultry Project
CAS in Poultry Science
KVASU, Mannuthy - 680 651

## നിബന്ധനകൾ

1. കരാറിന്റെ സമയപരിധി ക്വട്ടേഷൻ സ്വീകരിച്ചതു മുതൽ ഉള്ള 1 വർഷം കാലയളവിലേക്കാണ്.
2. ഫീഡ്മില്ലിലെ പ്രവർത്തി സമയം രാവിലെ 8 മണി മുതൽ വൈകീട്ട് 5 വരെയാണ്. വൈദ്യുതി തടസ്സമോ മറ്റു അനുബന്ധ തകരാറുകളോ നേരിടുകയാണെകിൽ ബന്ധപ്പെട്ട അധികാരികളുടെ നിർദ്ദേശ പ്രകാരം സമയക്രമത്തിൽ മാറ്റം വരുത്താവുന്നതാണ്
3. വിവിധയിനം തീറ്റ നിർദ്ദിഷ്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം നിർമ്മിക്കുകയും തീറ്റ ചാക്കിലാക്കി നിർദ്ദിഷ്ട സ്ഥലത്ത് അട്ടിയിടുകയും ചെയ്യുന്നതിന് ഒരു ടണ്ണിനുള്ള തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത് .
4. ദിവസേനയുള്ള തീറ്റ ഉല്പാദനത്തിന് ശേഷം കരാറുകാരൻ ഫീഡ്മില്ലിന്റെ ഉൾവശം വൃത്തിയാക്കേണ്ടതാണ്.
5. കരാറുകാരനും തൊഴിലാളികൾ തമ്മിൽ ഉണ്ടാകുന്ന യാതൊരു തർക്കങ്ങൾക്കും യൂണിവേഴ്സിറ്റി ഉത്തരവാദിയായിരിക്കുകയില്ല.
6. ക്വട്ടേഷൻ തരുമ്പോൾ നിരതദ്രവ്യമായി 1000 /- തുക ഡയറക്ടർ & പി.ഐ , റിവോൾവിങ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്, സി.എ.എസ്.പി.എസ്, മണ്ണുത്തി എന്ന പേരിൽ ഡിമാൻഡ് ഡ്രാഫ്റ്റോ, ടി തുക ഓഫിസിൽ ഒടുക്കുകയോ ചെയ്യേണ്ടതാണ്.
7. ഏർപ്പെട്ട കരാറിൽ നിന്ന് പിന്മാറാൻ ഉദ്ദേശ്യമുള്ള പക്ഷം കുറഞ്ഞത് ഒരു മാസം മുൻപ് ബന്ധപ്പെട്ട അധികാരിക്ക് മുൻപാകെ നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് നൽകാതെ കരാറിൽ നിന്ന് പിന്മാറിയാൽ ഫീഡ് മില്ലിനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്കു കരാറുകാരൻ ഉത്തരവാദിയായിരിക്കും
8. വകുപ്പ് മേധാവിക്ക് എപ്പോൾ വേണമെങ്കിലും ഏർപ്പെട്ട കരാർ കാരണമൊന്നും ബോധിപ്പിക്കാതെ, 48 മണിക്കൂർ മുൻപാകെ നോട്ടീസ് നൽകി റദ്ദാക്കാവുന്നതാണ്.
9. വകുപ്പ് മേധാവിയിൽ നിന്ന് അറിയിപ്പ് ലഭിക്കുന്നതിനനുസ്യതമായി കരാറുകാരൻ എത്രയും വേഗം ഫീഡ് മില്ലിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. അതിനു മുൻപ് എല്ലാ കരാർ വ്യവസ്ഥകളും പൂർത്തീകരിക്കുകയും വേണം .
10. കരാറുകാരൻ 200 രൂപ മുദ്ര പത്രത്തിൽ നിശ്ചിത മാതൃകയിൽ കരാർ വ്യവസ്ഥ ഒപ്പു വെക്കേണ്ടതാണ്.
11. ആദായ നികുതി തുടങ്ങി അനുബന്ധ നികുതികളും അടക്കേണ്ടതിനാൽ ബില്ലിൽ നിന്നും അത്രയും തുക കുറച്ച മാത്രമേ കരാറുകാരന് ലഭിക്കുകയുള്ളൂ.
12. വകുപ്പ് മേധാവിക്കോ മേധാവി അധികാരപ്പെടുത്തുന്ന വ്യക്തിക്കോ വ്യക്തികൾക്കോ ഏതൊരു സമയത്തും ഫീഡ്മിൽ പരിശോധിക്കാനുള്ള അവകാശമുണ്ട്. അദ്ദേഹം പുറപ്പെടുവിക്കുന്ന ഏതൊരു നിർദ്ദേശവും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
13. 2023 ഡിസംബർ 15 നു ഉച്ചക്ക് 3.00 മണി വരെ ലഭ്യമാകുന്ന എല്ലാ ക്വട്ടേഷനുകളും വകുപ്പ് മേധാവിയുടെ സൂക്ഷമ പരിശോധനക്ക് വിധേയമാക്കി ഏറ്റവും കുറഞ്ഞ നിരക്ക് പ്രദർശിപ്പിക്കുകയും മേല്പറഞ്ഞ നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കാമെന്നു ഉറപ്പു നല്കുകയും ചെയ്യുന്ന കക്ഷിക്ക് കരാർ നല്കപ്പെടുന്നതാണ്.
14. ഈ ക്വട്ടേഷൻ സംബന്ധിച്ച ഏതൊരു തീരുമാനവും കൈക്കൊള്ളുന്നതിനും ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തികളോട് യാതൊരു കാരണം ബോധിപ്പിക്കാതെ ക്വട്ടേഷൻ നിരാകരിക്കരിക്കുന്നതിനുള്ള പരിപൂർണ അവകാശം വകുപ്പ് മേധാവിയിൽ നിക്ഷിപ്ക്തമായിരിക്കും.
15. ഗവൺമെന്റ് ക്വട്ടേഷന്റെ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും

REVOLVING FUND POULTRY PROJECT
KERALA VETERINARY AND ANIMAL SCIENCES UNIVERSITY
MANNUTHY
Date.............
CASH IN POULTRY SCIENCE

ഡയറക്ടർ & പി.ഐ

Director & PI
Revolving Fund Poultry Project
CAS in Poultry Science
KVASU, Mannuthy - 680 651